# ദൈവമക്കൾ

## യോഹന്നാൻ 01:12–13

**"അവനെ കൈക്കൊണ്ടു അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു. അവർ രക്തത്തിൽ നിന്നല്ല, ജഡത്തിന്റെ ഇഷ്ടത്താലല്ല, പുരുഷന്റെ ഇഷ്ടത്താലുമല്ല, ദൈവത്തിൽ നിന്നത്രേ ജനിച്ചതു."**

ഏതൊരു മനുഷ്യന്റെയും ജീവിതത്തിന്നു അർത്ഥം ഏകുന്ന ഒരു വാക്യമാണിത്. അവനെ ദൈവം തന്റെ മക്കളുടെ ഗണത്തിൽ ചേർക്കുന്ന ഒരു അനുഭവം. വാസ്തവത്തിൽ ഈ വാക്യത്തോട് ചേർത്ത് വായിക്കുവാൻ പറ്റുന്ന മറ്റൊരു വചനഭാഗമാണ്, എഫേസ്യർ 1:3–6 വരെ; അവിടെ പറയുന്നു, "സ്വർഗ്ഗത്തിലെസകല ആത്മീകാനുഗ്രഹത്താലും നമ്മെ ക്രിസ്തുവിൽ അനുഗ്രഹിച്ചിരിക്കുന്ന നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും പിതാവുമായവൻ വാഴ്ത്തപ്പെട്ടവൻ. നാം തന്റെ സന്നിധിയിൽ വിശുദ്ധരും നിഷ്കളങ്കരും ആകേണ്ടതിന്നു അവൻ ലോകസ്ഥാപനത്തിന്നു മുമ്പെ നമ്മെ അവനിൽ തിരഞ്ഞെടുക്കുകയും തിരുഹിതത്തിന്റെ പ്രസാദപ്രകാരം യേശുക്രിസ്തുമുഖാന്തരം നമ്മെ ദത്തെടുക്കേണ്ടതിന്നു അവൻ പ്രിയനായവനിൽ നമുക്കു സൗജന്യമായി നൽകിയ തന്റെ കൃപാമഹത്വത്തിന്റെ പുകഴ്ചെയ്ക്കായി സ്നേഹത്തിൽ നമ്മെ മുന്നിയമിക്കുകയും ചെയ്തുവല്ലോ." എന്നാൽ മനുഷ്യൻ ചെയ്തതെന്താണെന്ന് യോഹന്നാൻ സുവിശേഷം ആരംഭിക്കുമ്പോൾ തന്നെ വെളിപ്പെടുത്തുന്നു; 9–11 വാക്യങ്ങളിൽ നമുക്കത് കാണാം. 'ഏതു മനുഷ്യനേയും പ്രകാശിപ്പിക്കുന്ന സത്യവെളിച്ചം ലോകത്തിലേക്കു വന്നു കൊണ്ടിരുന്നു. അവൻ ലോകത്തിൽ ഉണ്ടായിരുന്നു; ലോകം അവൻ മുഖാന്തരം ഉളവായി; ലോകമോ അവനെ അറിഞ്ഞില്ല. അവൻ സ്വന്തത്തിലേക്കു വന്നു; സ്വന്തമായവരോ അവനെ കൈക്കൊണ്ടില്ല.''

പ്രിയമുള്ളവരെ, ഈ വചനഭാഗങ്ങളെല്ലാം കൂട്ടി വായിക്കുമ്പോൾ നമ്മൾ ഒരു കാര്യം മനസ്സിലാക്കുകയും അത് നമ്മുടെ ഹൃദയത്തിൽ ഒരു ബോധ്യമായി ഉറയ്ക്കുകയും വേണം. ഞാൻ ആയിരിക്കുന്ന ഈ ശരീരത്തിൽ എന്റേതെന്നു പറയുവാനായി ഒന്നുമില്ല. സർവ്വവും ദൈവത്തിന്റെ പദ്ധതിയാണ്. അപ്രകാരം ജഡരക്തങ്ങൾക്കോ, ലോകപ്രകാരമുള്ള മനുഷ്യ താത്പര്യങ്ങൾക്കോ ഒന്നിനും അവകാശം പറയാൻ ഇല്ലാത്ത ഈ ശരീരത്തിൽ ഏക അവകാശി ആയിട്ടുള്ള ദൈവം തന്റെ ജീവനെ പകർന്നു തന്നിരിക്കുന്നത്, നിത്യമരണത്തിന്നു യോഗ്യരായിരുന്ന നാം നിത്യജീവൻ പ്രാപിക്കുന്നതിന്നു വേണ്ടിയാണ്. ദിനമ്പ്രതിയുള്ള നമ്മുടെ ജീവിതത്തിലെ ഓരോ നിമിഷവും എടുത്തുകഴിഞ്ഞാൽ നമുക്ക്

മനസ്സിലാവും നമ്മുടെ ദൈവത്തിന്റെ സ്നേഹവും കരുതലും എത്രമാത്രം നമ്മുടെ ജീവിതത്തിൽ ഉണ്ടെന്ന്. തന്റെ സ്വന്തപുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കണം എന്നതാണ് പിതാവാം ദൈവത്തിന്റെ ഏക ആഗ്രഹം.

എന്നാൽ ഇന്ന് മനുഷ്യന് ഇതിനൊന്നും സമയമില്ലാതെ തങ്ങൾക്കു പോലും ഒരു ഉറപ്പുമില്ലാത്ത ജീവിതത്തെ കെട്ടിപ്പെടുക്കുവാൻ ഓടുകയാണ്. അവിടെ ദൈവത്തെ ഓർക്കുവാൻ അവനു സമയമില്ല എന്നു മാത്രമല്ല, ദൈവത്തെ അറിയുകപോലുമില്ലാത്ത ഭാവമാണ്. അവിടെയാണ് ദൈവം വീണ്ടും ഈ വചനത്തിലൂടെ നമ്മോട് സംസാരിക്കുന്നത്. ‘അവനെ കൈക്കൊണ്ടു അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു’’ എന്ന്. ഇന്ന് ഏതൊരു മനുഷ്യന്റെയും ജീവിതത്തിൽ ആവശ്യമായിരിക്കുന്നത് ഈ രണ്ടു കാര്യങ്ങളാണ്. അവന്റെ നാമത്തിൽ വിശ്വസിക്കുക, അവനെ കൈക്കൊള്ളുക. ഇന്നത്തെ ലോകത്തിന്റെ അവസ്ഥയിൽ, ദൈവത്തിലുള്ള വിശ്വാസമില്ലയ്മയും അവനു വിധേയപ്പെട്ട് അവനെ കൈക്കൊള്ളുവാനുള്ള മനസില്ലാതിരിക്കുന്നതുമാണ് മനുഷ്യ ജീവിതത്തിൽ ഏറ്റവും വലിയ ഒരു അപായമായി നിലകൊള്ളുന്നത്. സ്വാഭാവികമായി മനുഷ്യൻ ദൈവത്തെ മറക്കുകയും അവനിൽ നിന്നകന്നു പോവുകയും ചെയ്യും.

പ്രിയരെ, ഈ ദൈവത്തെയും അവൻ നമ്മോടു കാണിച്ച മനസ്സലിവിനെയും ഓർത്ത് പൗലോസ് റോമാ ലേഖനത്തിൽ നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട്, നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിന്നു പ്രസാദവുമുള്ള യാഗമായി സമർപ്പിക്കുവാൻ. അപ്രകാരം ഈ ദൈവത്തെ മറന്നു കളയാതെ നമുക്ക് ലഭിച്ചിരിക്കുന്ന സ്വീകാരം മുറുകെ പിടിക്കാം. അവന്റെ മക്കളായി ആ സ്വർഗ്ഗിയപ്രവേശനം ആസ്വദിക്കുവാൻ ഒരുങ്ങി നിൽക്കാം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

പരാമർശം :

1 യോഹന്നാൻ 3:1

കാണ്മീൻ നാം ദൈവമക്കൾ എന്നു വിളിക്കപ്പെടുവാൻ പിതാവു നമുക്കു എത്ര വലിയ സ്നേഹം നൽകിയിരിക്കുന്നു; അങ്ങനെ തന്നേ നാം ആകുന്നു. ലോകം അവനെ അറിഞ്ഞിട്ടില്ലായ്കകൊണ്ടു നമ്മെയും അറിയുന്നില്ല.

ബ്രദർ. ബിനു ബേബി ആലപ്പുഴ 113